രൂപ വിനിയോഗിച്ച് ചുവടെ ചേർത്തിരിക്കുന്ന നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിയിരുന്നു.

1. നെട്ടൂർ ടെക്നിക്കൽ ടെയിനിംഗ് ഫൗണ്ടേഷൻ മുഖേന 2014-15-ൽ 300 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് വിവിധ സെന്ററുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായുള്ള പദ്ധതി അംഗീകരിച്ചു. നാളിതുവരെ പരിശീലനം തുടർന്നുവരുന്ന 203 വിദ്യാർത്ഥികൾക്ക് 588.82 ലക്ഷം രൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 251 വിദ്യാർത്ഥികളെ നവംബർ മാസത്തിലും(ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും) 120 വിദ്യാർത്ഥികളെ മാർച്ച് മാസത്തിലും (ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും) തെരഞ്ഞെടുത്തു. ടി വിദ്യാർത്ഥികളിൽ 332 വിദ്യാർത്ഥികൾ പരിശീലനം തുടർന്നു വരുന്നു.
2. 2014-15-ൽ 60 വിദ്യാർത്ഥികൾക്കായി 12.65 ലക്ഷംരൂപ വിവിധ കോഴ്സുകൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, കോവളത്തിന് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ

250 (635) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കുവേണ്ടി വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; ഹോസ്റ്റൽ പ്രവർത്തനമാരംഭിച്ചോ;

(ബി) പ്രസ്തുത ഹോസ്റ്റലുകൾക്കുവേണ്ടി നീക്കിവച്ച തുക എത്ര; ട്രഷറിയിൽ നിന്ന് പിൻവലിക്കാതെ ബാക്കിക്കിടക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ;

(സി) ഹോസ്റ്റൽ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ സഹായം ലഭിച്ചിരുന്നോ; എങ്കിൽ ലഭിച്ച തുകയുടെ കണക്ക് നൽകാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾ, വനിതകൾ എന്നിവർക്കായി എറണാകുളം ജില്ലയിലെ ഫോർഷോർ, മാരംപള്ളി എന്നിവിടങ്ങളിലായി രണ്ട് വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളിലും ഗ്രാമപ്രദേശത്തും പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന, വനിതകൾക്കും അപ്രന്റീസ് പരിശീലകർക്കും, തൊഴിൽ ചെയ്യുന്ന വനിതകൾക്കും അവരുടെ 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺമക്കൾക്കും അമ്മമാർക്കൊപ്പം സുരക്ഷിതമായ താമസസൗകര്യം ഒരുക്കുക എന്നതാണ് ടി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) 100% കേന്ദ്ര സഹായ പദ്ധതിയായ ടി ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 299.82 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തി പ്രാരംഭഘട്ടത്തിലായതിനാൽ ടി തുക ട്രഷറിയിൽ നിക്ഷേപിച്ചിരിയ്ക്കുകയാണ്. നിർമ്മാണം പുരോഗമിയ്ക്കുന്ന മുറയ്ക്ക് ടി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതാണ്.

(സി) 100% കേന്ദ്ര സഹായം ഉപയോഗിച്ചുള്ള പദ്ധതിയാണിത്. അതനുസരിച്ച് ഓരോ ഹോസ്റ്റലിനും കേന്ദ്രം അനുവദിക്കുവാനായി അംഗീകരിച്ചതും ലഭ്യമാക്കിയിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഫോർഷോർ, എറണാകുളം:

അംഗീകൃത തുക - 667.89826 ലക്ഷം രൂപ

ലഭ്യമായ തുക - 333.95 ലക്ഷം രൂപ

2. മാരംപള്ളി, എറണാകുളം:

അംഗീകൃത തുക - 622.77364 ലക്ഷം രൂപ

ലഭ്യമായ തുക - 311.38682 ലക്ഷം രൂപ

ഭൂരഹിത-ഭവനരഹിത പട്ടികവർഗ്ഗക്കാർ

251 (636) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ ഭൂരഹിതരുടെയും ഭവനരഹിതരുടെയും ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചു നൽകിയ ഭൂമിയുടെയും വീടുകളുടെയും ജില്ല തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly